# നമസ്കാരം: ചേകനൂരിസത്തിലെ പരിണാമങ്ങൾ

അബ്ദുൽ മാലിക് മൊറയൂർ

ഇസ്‌ലാമിലെ പ്രധാനപ്പെട്ട ആരാധനയായ നമസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതുപേക്ഷിച്ചാലുള്ള ശിക്ഷയെക്കുറിച്ചും മുസ്‌ലിം സമൂഹത്തിലെ ഏതാണ്ടെല്ലാ അംഗങ്ങളും ബോധവന്മാരാണിന്ന്. വിശ്വാസിക്കും അവിശ്വാസിക്കും ഇടയിലെ വ്യത്യാസമെന്ന് പ്രവാചകൻ(സ) പഠിപ്പിച്ച നമസ്കാരം അത് കൃത്യമായി അനുഷ്ഠിക്കുക എന്നത് വിശ്വാസം മനസ്സിൽ ഉറച്ചിട്ടില്ലാത്തവർക്കെല്ലാം വളരെ പ്രയാസകരമായ സംഗതിതന്നെയാണ്. അതുകൊണ്ടുതന്നെ ഇസ്‌ലാമിന്റെ ഓരോ അലകും പിടിയും തട്ടിപ്പറിച്ചെടുത്ത് അതിനെ ഒന്ന് പരിഷ്കരിക്കാൻ ശ്രമിച്ചുനോക്കിയ ചേകന്നൂർ നമസ്കാരത്തെയും വെറുതെവിട്ടില്ല. ഇസ്‌ലാമിലെ സുന്ദരമായ നമസ്കാരരൂപത്തെ തകിടം മറിച്ച് തനിച്ച ജൂതായിസവും ശിയാഇസവും യഥാർത്ഥ ഇസ്‌ലാമായി അവതരിപ്പിക്കാനാണ് അദ്ദേഹം ഇവിടെ പരിശ്രമിച്ചത്. ഇസ്‌ലാമിലെ ആരാധനകളും ആചാരങ്ങളും കൃത്യമായി പാലിക്കാൻ മടിയുള്ള ചില അൽപന്മാരാണ് സാധാരണ ചേകന്നൂരിസത്തിലേക്ക് ചേക്കേറാറുള്ളത്. ഇസ്‌ലാമിനെക്കുറിച്ചും അതിന്റെ വിശ്വാസാചാരങ്ങളെക്കുറിച്ചും തികഞ്ഞ ജഹ്‌ലുമുറക്കബുകളായ ചേകന്നൂരീ ഭക്തർക്ക് മുമ്പിൽ ക്വുർആൻ ഓതിക്കൊടുത്ത് ചേകന്നൂർ നമസ്കാരം വെട്ടിച്ചുരുക്കുമ്പോൾ നമസ്കരിക്കാൻ മടിയുള്ളവരെല്ലാം അതിന്റെ പിന്നാലെ പോകുമെന്നതിൽ സംശയമില്ല.

നമസ്കാരത്തിന്റെ വിഷയത്തിൽ ചേകന്നൂരിസത്തിൽ സംഭവിച്ച തലകീഴ് മറിച്ചിലുകൾ പരിശോധിക്കുന്നത് ഏറെ രസാവഹമാണ്. ചേകന്നൂരിസത്തിന്റെ ആദർശമില്ലായ്മയും വിവരക്കേടുകളും ഏറെ വ്യക്തമാകുന്ന ഒരു രംഗംകൂടിയാണിത്. തന്റെ കുഫ്‌രിയത്ത് പ്രചരിപ്പിക്കാൻ തുടങ്ങിയ സന്ദർഭത്തിൽ ചേകന്നൂരിന് അഞ്ചുനേരം നമസ്കാരം ഉണ്ടായിരുന്നുവെന്ന് മാത്രമല്ല അക്കാര്യം അദ്ദേഹം ക്വുർആൻ ഓതിക്കൊണ്ടുതന്നെ സ്ഥാപിക്കാറുമുണ്ടായിരുന്നു. എന്നാൽ അഞ്ചുനേരം നമസ്കാരം ഘട്ടംഘട്ടമായി വളരെ ആസൂത്രിതമായി ഇല്ലായ്മ ചെയ്തു നമസ്കാരം എന്ന ആരാധനതന്നെ ഇല്ലായ്മ ചെയ്യാനാണ് അദ്ദേഹം ശ്രമിച്ചത്. അതിന്റെ പ്രഥമഘട്ടം എന്ന നിലയിൽ അഞ്ച് നമസ്കാരങ്ങൾ മൂന്ന് സമയത്തായി നമസ്കരിക്കാം എന്ന് ആദ്യം വാദിച്ചു. നമസ്കാരങ്ങൾ അഞ്ച് തന്നെ. എന്നാൽ അഞ്ച് സമയങ്ങളെ മൂന്നാക്കിച്ചുരുക്കി. 24-12-1968 ന് മാറഞ്ചേരിയിൽ വെച്ച് ചേകന്നൂരും ഇ.കെ. ഹസൻ മുസ്‌ലിയാരും തമ്മിൽ നമസ്കാരം എന്ന വിഷയത്തിൽ നടന്ന വാദപ്രതിവാദത്തിൽ ചേകന്നൂരിന്റെ വിഷയാവതരണം നിരീക്ഷണം മാസിക റിപ്പോർട്ട് ചെയ്തത് നോക്കുക: ''സുഹൃത്തുക്കളെ, ഇനി നമസ്കാരം ജംആക്കുന്നതിനെക്കുറിച്ചുള്ള വിവാദമാണ് നിങ്ങൾ കേൾക്കാൻ പോകുന്നത്. ഇവ്വിഷയകമായി എന്റെ വാദം ഞാൻ നിങ്ങളെ കേൾപ്പിക്കാം. ക്വുർആൻ നിർണ്ണയിച്ചതുതന്നെ മൂന്നു സമയങ്ങളിലായി ഫർളായ അഞ്ചു നമസ്കാരം ജംആക്കി നമസ്കരിക്കാമെന്നാണ് എന്റെ വാദം. അതായത്, ഉച്ചതിരിഞ്ഞവിടംമുതൽ സൂര്യൻ അസ്തമിക്കുന്നതിനുള്ളിലായി ളുഹ്‌റും അസറും കൂട്ടി നമസ്കരിക്കാം. അതേ പ്രകാരം സൂര്യൻ അസ്തമിച്ചശേഷം പ്രഭാതത്തിന് മുമ്പായി മഗ്‌രിബും ഇശാഉം കൂട്ടി നമസ്കരിക്കാം. സുബ്ഹി പ്രഭാതോദയത്തിന് ശേഷം സൂര്യോദയത്തിന് മുമ്പായി നിർവ്വഹിക്കുകയും വേണം. ഇത് ക്വുർആൻ കൊണ്ട് ഖണ്ഡിതമായി തെളിയുന്ന വാദമാണ്'' *(നിരീക്ഷണം മാസിക. 1969 ജൂൺ)*

ശേഷം പറയുന്നു: ''അപ്പോൾ ഫർളായ നമസ്കാരത്തിന് മൂന്ന് സമയപരിധികളേ സൂക്ഷിക്കേണ്ടതുള്ളൂവെന്നും ആ പരിധികൾക്കുള്ളിലായി അഞ്ച് നമസ്കാരം നിർവ്വഹിക്കലാണ് നിർബന്ധമെന്നും ഈ ആയത്തിലും വ്യക്തമായി'' *(അതേ മാസിക പേജ്. 25)*

നമസ്കാരം മൂന്നോ അഞ്ചോ എന്നകാര്യം അന്ന് തർക്കവിഷയമേ ആയിരുന്നില്ല. മാത്രവുമല്ല, നമസ്കാരം അഞ്ചുണ്ട് എന്നകാര്യത്തിൽ അന്ന് ചേകന്നൂരിന് ലവലേശം സംശയമുണ്ടായിരുന്നില്ല. അദ്ദേഹം തന്നെ പറയട്ടെ. ''നമസ്കാരം അഞ്ചുണ്ടോ എന്നത് വിവാദവിഷയമേ അല്ല. സമയം അഞ്ചാണോ മൂന്നാണോ എന്നത് മാത്രമാണ് വിവാദവിഷയം'' *(നിരീക്ഷണം. 1969 ജൂൺ)*

പോകട്ടെ, അഞ്ചുനേരം നമസ്കാരം മൂന്ന് സമയത്തുതന്നെ നിർവ്വഹിക്കണം, അഞ്ചുസമയങ്ങളിലായി നിർവ്വഹിച്ചുകൂടാ എന്നും അദ്ദേഹത്തിന് വാദമുണ്ടായിരുന്നില്ല. അഞ്ചുനമസ്കാരം മൂന്ന് സമയത്ത് നമസ്കരിക്കൽ അനുവദനീയമാണ് എന്ന് മാത്രമാണ് അദ്ദേഹം വാദിച്ചത്. ചേകന്നൂരിന്റെ വാക്കുകൾ നോക്കുക: ''അഞ്ചുനമസ്കാരം അഞ്ചുനേരത്തായി നമസ്കരിച്ചുകൂടെന്നല്ല എന്റെ വാദം. പ്രത്യുത അഞ്ചുനമസ്കാരം മേൽപറഞ്ഞതുപോലെ കൂട്ടിച്ചേർത്ത് നമസ്കരിക്കുന്നതിൽ ക്വുർആനിലോ സുന്നത്തിലോ യാതൊരു തെറ്റുമില്ലെന്നും ഹജ്ജ് കാലത്തും മറ്റും നബി അങ്ങനെ ചെയ്തിരുന്നത് അത് അനുവദനീയമായതുകൊണ്ടായിരുന്നുവെന്നുമാണ് ഞാൻ പറയുന്നത്'' *(അതേ മാസിക)* ഇപ്പോൾ സംഗതി വ്യക്തമാണല്ലോ. അഞ്ചുനേരം നമസ്കാരം അത് ഇസ്ലാമിലുള്ളതാണെന്ന് ചേകന്നൂരിന് അന്ന് സംശയംതന്നെ ഉണ്ടായിരുന്നില്ല എന്ന് സാരം.

ഏറെ രസകരമായ മറ്റൊരു സംഗതി കൂടി ഇവിടെ ഉണ്ട്. ചേകന്നൂർ അഞ്ച് നമസ്കാരം മൂന്ന് സമയത്ത് നമസ്കരിക്കാമെന്ന വാദം ഉന്നയിക്കുന്ന സമയത്ത് നമസ്കാരം അഞ്ചില്ല മൂന്ന് മാത്രമേയുള്ളൂവെന്ന് വാദിച്ചിരുന്ന ഒരുകൂട്ടം അഹ്‌ലുൽ 'ക്വുർആനികൾ' ഇവിടെയുണ്ടായിരുന്നു. നമസ്കാരം മൂന്നേയുള്ളൂ എന്ന് വാദിച്ചിരുന്ന അവറ്റകൾക്ക് നമസ്കാരം അഞ്ചുണ്ട് എന്ന് അന്ന് വാദിച്ചിരുന്ന ചേകന്നൂരികൾ വ്യക്തമായ മറുപടി കൊടുക്കാറുണ്ടായിരുന്നു. മാത്രവുമല്ല, നമസ്കാരം മൂന്നാണെന്ന് വാദിക്കുന്നവർ അണ്ടനും അടകോടനുമായിരിക്കുമെന്നും നമസ്കരിക്കാൻ മടിയുള്ളവർ മാത്രമേ അങ്ങനെ വാദിക്കുകയുള്ളൂവെന്നും വരെ ചേകന്നൂരികൾ അവരെ വിമർശിച്ചെഴുതിയിട്ടുണ്ട്. അത്തരത്തിലുള്ള ഒരു ലേഖനത്തിലെ ചില വരികൾ കാണുക. 'അഹ്‌ലുൽ ക്വുർആനികളുടെ ഗതികേട്' എന്ന ലേഖനത്തിൽ ഒരു ചേകന്നൂർ ഭക്തൻ എഴുതുന്നു:

''1968 നവംബർ–ഡിസംബർ ലക്കം നിരീക്ഷണം മാസികയിൽ ഫർളായ അഞ്ചുനമസ്കാരങ്ങൾ അല്ലാഹു പരിശുദ്ധ ക്വുർആനിൽ നിർദ്ദേശിച്ചതുപോലെ നാട്ടിൽവെച്ചും അല്ലാത്തപ്പോഴും വിശാലമായ മൂന്ന് സമയങ്ങളിലായി അനുഷ്ഠിച്ചാൽ മതിയെന്ന് പരിശുദ്ധ ക്വുർആനിന്റെയും സ്ഥിരപ്പെട്ട സുന്നത്തിന്റെയും അടിസ്ഥാനത്തിൽ തെളിവുകൾ നിരത്തിവെച്ചുകൊണ്ട് പത്രാധിപർ പി.കെ.എം. മൗലവി ഒരു ലേഖനം എഴുതുകയുണ്ടായി......അങ്ങനെയിരിക്കുമ്പോൾ 'നമസ്കാരം അഞ്ചാണെന്ന് തെളിയുമോ?'' എന്ന് ചോദിച്ചുകൊണ്ടുള്ള ഒരു ലേഖനം ഖണ്ഡനമെന്നോണം 12–1–69 ന് കോഴിക്കോട് അഹ്‌ലുൽ കുർആൻ സെക്രട്ടറിയിൽ നിന്ന് ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി........ നമസ്കാരം ജംആക്കാമെന്ന നിരീക്ഷണത്തിലെ ലേഖനം പുറത്തുവന്നപ്പോൾ ഞങ്ങൾ നമസ്കാരം മൂന്നാക്കി വെട്ടിക്കുറച്ചുവെന്ന് പുരോഹിതന്മാരും സിൽബന്ധികളും കുപ്രചരണം നടത്തുന്നതിനെ തിരുത്താൻ പ്രസ്തുത ലഘുലേഖ ഏറെക്കുറെ ഉപകരിച്ചിട്ടുണ്ടെന്നത്രേ ആ അനുഗ്രഹം. നമസ്കാരം ഞങ്ങൾ വെട്ടിക്കുറച്ചിട്ടില്ലെന്നും മറിച്ച് നമസ്കാരം വെട്ടിക്കുറച്ചവർ അഹ്‌ലുൽ ക്വുർആനികളാണെന്നും ഇപ്പോൾ പൊതുജനങ്ങൾക്ക് വേണ്ടത്ര മനസ്സിലായി. ഈ ക്ഷുദ്രകൃതിക്കാർക്ക് നമസ്കാരത്തെ വെട്ടിക്കുറക്കുകയല്ലാതെ ഇസ്ലാമിന്റെ ഇതരവിഷയങ്ങളെക്കുറിച്ച് വല്ല പരിപാടിയുമുണ്ടോ?............. ദിനേനയുള്ള അഞ്ച് ഫർള് നമസ്കാരങ്ങൾ രണ്ടാക്കി വെട്ടിക്കുറച്ചുവെന്നല്ലാതെ മറ്റൊരു വിഷയത്തെക്കുറിച്ചും ക.മ. എന്നൊരക്ഷരം ഉരിയാടാൻ അഹ്‌ലുൽ ക്വുർആനികൾക്ക് കഴിഞ്ഞിട്ടില്ല...........

നമസ്കാരം മൂന്നാക്കി വെട്ടിച്ചുരുക്കിയപ്പോൾ നമസ്കരിക്കാൻ നാലഞ്ച് മടിയുള്ള അണ്ടന്മാരേയും അടകോടന്മാരേയും കിട്ടി. അവരെക്കൊണ്ട് മൊച്ചക്കളി നടത്തുകയാണ് സെക്രട്ടറി............ നബിതിരുമേനിയുടെ സുന്നത്ത് പരസ്യമായി നിഷേധിക്കുകയും നബിയെ ഒരു പോസ്റ്റമാന്റെ പദവിയിലേക്ക് തരംതാഴ്ത്തുകയും ചെയ്ത ഭീമാപരാധത്തിൽ നിന്ന് രക്ഷ ലഭിക്കണമെങ്കിൽ അഹ്‌ലുൽ ക്വുർആൻ സെക്രട്ടറിയും സിൽബന്ധികളും വേഗത്തിൽ തൗബ ചെയ്ത് മടങ്ങട്ടെ എന്ന് ഞാനവരെ സ്നേഹപൂർവ്വം ഉപദേശിക്കുന്നു.'' *(നിരീക്ഷണം. 1969 ജൂൺ)*

എങ്ങനെയുണ്ട്?! നമസ്കാരം മൂന്ന് മാത്രമേയുള്ളൂ എന്ന് പറയുകയും പ്രവാചകന്റെ സുന്നത്തിനെ നിഷേധിക്കുകയും ചെയ്ത അഹ്ലുൽ ക്വുർആനികളോട് തൗബ ചെയ്ത് മടങ്ങാനാണ് ഈ ചേകന്നൂരീ ഭക്തന്റെ ഉപദേശം. എന്നാൽ അഹ്ലുൽ ക്വുർആനികളെ ഏതൊരു കാര്യത്തിൽ ചേകന്നൂരികൾ വിമർശിച്ചുവോ ആ കാര്യങ്ങൾ മുഴുവനും ചേകന്നൂരികൾ സ്വയം ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ഇനി നാം കാണാൻപോകുന്നത്. അതാ, അഞ്ചുനേരവാദക്കാരായ ചേകന്നൂരികൾ കരണംമറിഞ്ഞ് മൂന്നുനേരവാദം മുന്നോട്ടുവെക്കുന്നു! ചേകന്നൂരീ പരിണാമദശയിലെ നമസ്കാരവിഷയത്തിലുള്ള രണ്ടാമത്തെ തലകുത്തിമറിയൽ. പൈശാചിക വേദാന്തങ്ങൾ ഏറെ പരിചയമുള്ള ചേകന്നൂർ അതാ വേദം ഓതുന്നു. നമസ്കാരം അഞ്ചില്ല മൂന്ന്മാത്രം! ളുഹുറും മഗ്‌രിബും ക്വുർആൻ വിരുദ്ധ ജൂതനമസ്കാരങ്ങൾ! ചേകന്നൂരിന്റെ 'ക്വുർആനിലെ നമസ്കാര രൂപം' 'നമസ്കാരം മൂന്ന് മാത്രം സി.എന്നിന് മറുപടി' എന്നീ പുസ്തകങ്ങളിൽ ഈ സംഗതിയാണ് അദ്ദേഹം വാദിക്കുന്നത്. അദ്ദേഹം തന്നെ പറയട്ടെ:

''അഞ്ചുനേരക്കാരുടെ തെളിവുകൾ മുഴുവനും ഖണ്ഡിക്കാനും ക്വുർആനിന്റെ അടിസ്ഥാനത്തിൽ മൂന്നുനേരം മാത്രമേയുള്ളൂവെന്നും സ്ഥാപിക്കാനും ഈയുള്ളവൻ എപ്പോഴും തയ്യാറാണ്'' *(നമസ്കാരം മൂന്ന് മാത്രം)*

''ഇറാഖിലും ഇറാനിലും മറ്റുമായി (മക്കയിലും മദീനയിലുമല്ല, അത് രണ്ടും മുആവിയയുടെ കാലംമുതൽ മുആവിയ പക്ഷക്കാരുടെ അധീനതയിലാണ്) ഇന്നേവരെ നിലനിർത്തിപ്പോരുന്നതുമായ മൂന്നുനേരസിദ്ധാന്തം മാത്രമേ ഏതൊരു മുസ്‌ലിമിനും ബാധകമാവുകയുള്ളൂ'' *(അതേ പുസ്തകം)*

''അഞ്ചുനേര നമസ്കാരമെന്നത് ഇസ്‌ലാമിൽ കടന്നുകൂടിയ ഏറ്റവും വലിയ ജൂതസിദ്ധാന്തം'' *(പേജ്. 83)*

''ചുരുക്കത്തിൽ ദുനിയാവും ആഖിറത്തും ഒരുപോലെ നഷ്ടമാകുന്ന ഒരേർപ്പാടാണ് അഞ്ചുനേര നമസ്കാരം'' *(പേജ്. 96)*

''ളുഹ്ർ നമസ്കാരം ഇസ്‌ലാമിൽ ഇല്ല'' *(പേജ്. 99)*

''മഗ്‌രിബ് നമസ്കാരവും ക്വുർആൻ വിരുദ്ധം'' *(പേജ്. 107)*

''മഗ്‌രിബ് നമസ്കാരം ജൂതന്മാരുടെ ഏറ്റവും മുന്തിയ ആരാധന'' *(പേജ്. 114)*

അപ്പോൾ അഞ്ചുനമസ്കാരം ചുരുങ്ങി മൂന്ന് നമസ്കാരമായത് കണ്ടല്ലോ. ഇതാണ് ചേകന്നൂരിസം. ഇനി ആ മൂന്ന് നമസ്കാരംതന്നെ ജമാഅത്തായി നിർവ്വഹിക്കാൻപാടില്ലപോലും. എന്തൊരു സുഖം! നമസ്കരിക്കാൻ മടിയുള്ളവർക്ക് പറ്റിയ നേതാവുതന്നെ. അദ്ദേഹം തന്നെ പറയട്ടെ:

''ദിനംപ്രതി ഒരിക്കലെങ്കിലും ജമാഅത്തിന് പള്ളിയിലെത്തുക എന്നത് നടക്കാത്ത കാര്യമാണെന്നും അത് സത്യവിശ്വാസികളുടെ സമ്പ്രദായമല്ലെന്നുമൊക്കെ ക്വുർആൻ തന്നെ വ്യക്തമാക്കിയിരിക്കുന്നു.'' *(ക്വുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും. രണ്ടാം പതിപ്പ്. പേജ്. 20)*

''നിത്യനമസ്കാരം പരസ്യമാക്കിചെയ്യൽ മുനാഫിഖുകളുടെയും ക്വുർആൻ നിഷേധികളുടേയും സ്വഭാവം'' *(അതേ പുസ്തകം. പേജ്. 149)*

വീണ്ടും പറയുന്നു: ''ചുരുക്കത്തിൽ മതപരമായ വിഷയങ്ങൾ പഠിക്കാനോ അല്ലെങ്കിൽ പള്ളിപരിസരത്തിരിക്കുന്നവർക്ക് പള്ളിയിൽ വന്ന് നമസ്കരിക്കലാണ് സൗകര്യമെന്ന് കണ്ടതിനാലോ പള്ളി

യിലെത്തിപ്പെടുന്നവർക്ക് അവിടെവെച്ച് ജമാഅത്തായി നമസ്കരിക്കാമെന്നല്ലാതെ അതിന് വേണ്ടി എല്ലാദിവസവും പള്ളിയിലെത്തിപ്പെടണമെന്ന യാതൊരു നിയമവും ഇസ്ലാമിലില്ല. അപ്പോൾ സ്വന്തമായി വീടും സൗകര്യവുമൊക്കെയുള്ള വ്യക്തികൾ അവിടെവെച്ചൊന്നും തീരെ നമസ്കരിക്കാതെ നാലാൾകാണപ്പെട്ട വിധത്തിൽ പള്ളിയിൽപോയി നമസ്കരിക്കണമെന്ന് ശാഠ്യം പിടിക്കുന്നത് കേവലം വിഡ്ഢിത്തമല്ലാതെ മറ്റൊന്നുമല്ല.'' *(അതേ. പുസ്തകം പേജ്. 151)*

അപ്പോൾ നമസ്കാരം അഞ്ചുള്ളത് മൂന്നാക്കി ആ മൂന്ന്തന്നെ ജമാഅത്തായി നിർവ്വഹിക്കൽ മുനാഫിഖിന്റെ പണിയുമാക്കി. ഇനി നാം കാണാൻപോകുന്നത് മറ്റൊരു അത്ഭുതമാണ്. ആ മൂന്ന് നമസ്കാരം തന്നെ നബിക്ക് മാത്രമേ നിർബന്ധമുള്ളൂവെന്ന അദ്ദേഹത്തിന്റെ വാദമാണ്. മടിയന്മാർക്ക് കുശാൽ. അദ്ദേഹം പറയുന്നു: ''ക്വുർആനിലാകെ ആറ് സ്ഥലങ്ങളിൽ മൂന്ന് നേരം നമസ്കരിക്കണമെന്ന് അല്ലാഹു കൽപിച്ചിട്ടുണ്ടെങ്കിലും പ്രത്യുത ആറ് സ്ഥലങ്ങളിൽ ഒറ്റൊന്നിലും മുസ്ലിംകളെ പൊതുവെ അഭിസംബോധന ചെയ്യാതെ നബിയോട് മാത്രം കൽപിക്കുകയാണ് അല്ലാഹു ചെയ്തിരിക്കുന്നത്. അതേ സമയം മുസ്ലിംകളെ നേരിട്ട് അഭിസംബോധനം ചെയ്തുകൊണ്ട് പതിനാറ് സ്ഥലങ്ങളിൽ ക്വുർആൻ നമസ്കരിക്കാൻ കൽപിച്ചപ്പോൾ ഒരിക്കലെങ്കിലും മൂന്നുനേരമെന്നോ നമസ്കാരങ്ങളെന്നോ അല്ലാഹു പറഞ്ഞതുമില്ല. ഈ അടിസ്ഥാനത്തിൽ നബിക്ക് മാത്രമേ ആ മൂന്ന് നമസ്കാരംപോലും ഫർളുള്ളൂ എന്നും (തഹജ്ജുദിനെപറ്റി മതപുരോഹിതന്മാർ തന്നെ പറയാറുള്ളതുപോലെ) സമുദായത്തെ സംബന്ധിച്ചിടത്തോളം നബിയുടെ ആ മാതൃക പിൻപറ്റൽ സുന്നത്താണെന്നല്ലാതെ അത് മൂന്നും ഫർളാണെന്ന് ഒരിക്കലും പറയാൻ പാടില്ലെന്നുമാണ് ക്വുർആൻ വ്യാഖ്യാന സിദ്ധാന്തപ്രകാരം ഏതൊരു മഹാപണ്ഡിതനും പറയാനാവുക'' *(നമസ്കാരം മൂന്ന് മാത്രം. പേജ്. 119)*

ഇപ്പോൾ എന്തായി? ഒരാൾ ഒറ്റ നമസ്കാരവും നമസ്കരിച്ചില്ലെങ്കിലും കുഴപ്പമില്ല. കാരണം അയാൾസുന്നത്ത് മാത്രമാണ് ഉപേക്ഷിച്ചത്. എങ്ങനെയുണ്ട് ചേകന്നൂർ മതം?

ഇനി ഈ നമസ്കാരങ്ങൾ എങ്ങനെയാണ് നിർവ്വഹിക്കേണ്ടത്? അതിനും ചേകന്നൂരീ ഗവേഷകർ ഉത്തരം കണ്ടെത്തിയിട്ടുണ്ട്. ഒരു ചേകന്നൂർ ഭക്തൻ എഴുതുന്നു: ''പ്രാർത്ഥനയുടെ സത്ത ഭയഭക്തിയാണ്. അത് തികച്ചും മനസ്സിൽ നിന്നുണ്ടാവേണ്ടതാകയാൽ ബാഹ്യപ്രകടനങ്ങൾക്ക് വലിയ സ്ഥാനമില്ല. ഏതവസ്ഥയിലും നിർവ്വഹിക്കാവുന്ന ഒരു നമസ്കാരമാണ് ക്വുർആൻ പഠിപ്പിക്കുന്നത്.'' *(ക്വുർആൻ ദർശനം 2004 ഫെബ്രുവരി)* അപ്പോൾ എങ്ങിനെയും നമസ്കരിക്കാം. ബാഹ്യപ്രകടനങ്ങൾക്കൊന്നും വലിയ പ്രാധാന്യമില്ല. അവനവന് തോന്നിയ രൂപത്തിൽ തോന്നിയ കോലത്തിൽ. മനസ്സിൽ ഭക്തിയുണ്ടായാൽ മതിയെന്ന് മാത്രം. അവസാനമെന്തായി? അഞ്ചുനേരം ചുരുങ്ങിചുരുങ്ങി മനസ്സിൽ ഒരു ഓർക്കൽ മാത്രമായി. ഇതാണ് ചേകന്നൂർ മതത്തിന്റെ പ്രത്യേകത. മറ്റാർക്കും അവകാശപ്പെടാനില്ലാത്ത തനി കാപട്യവും കരണം മറിച്ചിലുകളും.

ഇനി ഏതെങ്കിലും സാധു ഫർളിന് പുറമെ വല്ല സുന്നത്ത് നമസ്കാരങ്ങളും നിർവ്വഹിക്കാൻ തീരുമാനിച്ചാലോ? ഏയ് പാടില്ല. അതെല്ലാം നബിക്ക് മാത്രം. തറാവീഹും തഹജ്ജുദും നബിക്ക് മാത്രം എന്ന പുസ്തകത്തിൽ ഈ പൈശാചിക സന്ദേശമാണ് ചേകന്നൂർ നൽകുന്നത്. ചുരുക്കത്തിൽ നമസ്കാരം വെട്ടിചുരുക്കി വെട്ടിചുരുക്കി അവസാനം നമസ്കാരംതന്നെ ഇല്ലാതാക്കി എന്നതാണ് നമസ്കാര വിഷയത്തിൽ ചേകന്നൂരിസത്തിന് സംഭവിച്ച പരിണാമത്തിന്റെ ആകെത്തുക.